REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 26-03-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **വയനാട്ടിലെ പ്രകൃതിദുരന്ത പുനരധിവാസ മാതൃകാ ടൗൺഷിപ്പിന് നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.**
- **LDF ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് അടുത്ത മാസം 21 ന് തുടക്കമാകും.**
- **സംസ്ഥാനത്തെ ഈ വർഷത്തെ SSLC പരീക്ഷ അവസാനിച്ചു.**
- **സംസ്ഥാന യുവജന കമ്മീഷന്റെ യൂത്ത് ഐക്കൺ പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് മന്ത്രി KN ബാലഗോപാൽ ഉച്ചകഴിഞ്ഞ് സമ്മാനിക്കും.**
- **അർജന്റീന 2026 ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടി.**

## വാർത്തകൾ വിശദമായി

മുണ്ടക്കൈ - ചൂരൽമല പ്രകൃതി ദുരന്ത അതിജീവിതർക്കായി ഗവൺമെന്റ് നിർമ്മിക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിന് നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.

ഏഴ് സെന്റ് പ്ലോട്ടുകളിൽ ആയിരം ചതുരശ്ര അടി വീടുകളാണ് നിർമ്മിക്കുന്നത്. റോഡ്, അനുബന്ധ പൊതു സ്ഥാപനങ്ങൾ, വ്യാപാര - വാണിജ്യ സൗകര്യങ്ങൾ എന്നിവ ടൗൺഷിപ്പിൽ സജ്ജീകരിക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ടൗൺഷിപ്പ് നിർമ്മാണത്തിന്റെ ചുമതല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ് .

..............(വോയ്സ്)...............

✪✪✪

വയനാട് ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് ഹൈക്കോടതി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പരിഗണിക്കവെയാണ് ഡിവിഷൻ ബെഞ്ച് ഇക്കാര്യം നിർദ്ദേശിച്ചത്. വായ്പാ തുക പുതിയ വായ്പയായി കണക്കാക്കി ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കാമെന്ന കേന്ദ്ര ഗവൺമെൻറ് നിർദ്ദേശത്തോട് കോടതി യോജിച്ചില്ല. ഇക്കാര്യത്തിൽ സത്യവാങ്മൂലം സമർപ്പിക്കാനും ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. പുനരധിവാസ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്ക് ഈ മാസം 31-നകം പണം കൈമാറണമെന്നും കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

മുണ്ടക്കൈ- ചൂരൽമല ഉരുൾപ്പൊട്ടൽ പുനരധിവാസ ഗുണഭോക്തൃ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അപ്പീൽ അപേക്ഷ നൽകേണ്ട തിയതി നീട്ടി. ഈ മാസം 30 വരെ അപ്പീൽ അപേക്ഷകൾ നൽകാനാവുന്നതാണ്.

✪✪✪

വയനാട് ജില്ലയിലെ  സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി നാളെ രാവിലെ മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും. മാനന്തവാടി GUP സ്കൂളിലാണ് ജില്ലാ തല ഉദ്ഘാടനം സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

LDF ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് അടുത്ത മാസം 21 ന് തുടക്കമാകും. മേയ് 30 വരെയാണ് ആഘോഷങ്ങൾ. വാർഷികാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ 21ന് കാസർകോടും, സമാപനം മെയ് 23ന് തിരുവനന്തപുരത്തുമാണ്.

എല്ലാ ജില്ലകളിലും പ്രത്യേകം സംഘടിപ്പിക്കുന്ന യോഗങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. ഇതിനു പുറമെ കോഴിക്കോട്, എറണാകുളം, കോട്ടയം, തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംസ്ഥാനതലയോഗങ്ങളും സംഘടിപ്പിക്കും. പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ മേഖലാ യോഗങ്ങളും ഉണ്ടായിരിക്കും.

ആഘോഷത്തിന്റെ ഭാഗമായി  എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളുടെ സേവനങ്ങൾ വിവരിക്കുന്ന 50 സ്റ്റാളുകൾ ഉണ്ടായിരിക്കണമെന്ന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചു. പരിപാടികൾക്ക്  ജില്ലാ കളക്ടർമാർ മേൽനോട്ടം വഹിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ദുരന്ത നിവാരണ ഭേദഗതി ബിൽ 2024, പാർലമെന്റ് പാസാക്കി. ലോക്സഭ കഴിഞ്ഞ ഡിസംബറിൽ പാസ്സാക്കിയ  ബില്ലിന് ഇന്നലെ രാജ്യസഭയും അംഗീകാരം നൽകി. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമമാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന്, രാജ്യസഭയിൽ ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പാർലമെന്റിലെ ബാലയോഗി ഓഡിറ്റോറിയത്തിൽ ഹിന്ദി ചലച്ചിത്രമായ 'ചാവ' യുടെ പ്രത്യേക പ്രദർശനം  കാണാനെത്തും. ക്യാബിനറ്റ് മന്ത്രിമാരും പാർലമെന്റ് അംഗങ്ങളും സ്ക്രീനിങ്ങിൽ പ്രധാനമന്ത്രിയോടൊപ്പം ഉണ്ടാകും. മറാത്ത ഭരണാധികാരി ഛത്രപതി സംഭാജി മഹാരാജിന്റെ ധീരതയും നേതൃത്വവും  ചിത്രീകരിക്കുന്ന സിനിമയാണ് 'ചാവ'.

സംഭാജി മഹാരാജിന്റെ വേഷം അവതരിപ്പിക്കുന്ന നടൻ വിക്കി കൗശൽ ഉൾപ്പെടെ ചിത്രത്തിലെ മുഴുവൻ അഭിനേതാക്കളും അണിയറ പ്രവർത്തകരും സ്ക്രീനിങ്ങിൽ പങ്കെടുക്കും.

✪✪✪

ആദായ നികുതി വകുപ്പിന്റെ പ്രത്യേക ക്യാമ്പയിനിലൂടെ രാജ്യത്തെ 30,000 നികുതിദായകർ, മുപ്പത്തിനായിരത്തി 300 കോടി രൂപയുടെ  വിദേശ ആസ്തികളുടെയും, വരുമാനത്തിന്റെയും  കണക്കുകൾ സമർപ്പിച്ചതായി കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ പറഞ്ഞു. വിദേശ നിക്ഷേപങ്ങളിൽ ആദായനികുതി വകുപ്പ് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ആദായനികുതി റിട്ടേണുകൾ പുനഃപരിശോധിക്കാനാവശ്യപ്പെട്ട് 19,501 നികുതിദായകർക്ക് SMS ഉം E- MAIL കളും അയച്ചതായി ധനമന്ത്രി അറിയിച്ചു.

✪✪✪

ഭാരതീയ കുട്ടിക്കവിതകളും പാട്ടുകളും സംരക്ഷിക്കാനും കുട്ടികളിലെത്തിക്കാനും വിദ്യാഭ്യാസ മന്ത്രാലയം ബാൽപൻ കവിത

സംരംഭത്തിന് ഇന്ന് തുടക്കമിടും. മാതൃഭാഷയിൽ തന്നെ ലോകത്തെ മനസ്സിലാക്കാനും സന്തോഷം പകരാനും ഇത്തരം കവിതകൾ വഴിയൊരുക്കും. മത്സാരാടിസ്ഥാനത്തിൽ പ്രീ-പ്രൈമറി, ഗ്രേഡ് 1, ഗ്രേഡ് 2 വിഭാഗങ്ങളിൽ കവിതകളും പാട്ടുകളും സമാഹരിച്ച് കുട്ടികളിൽ എത്തിക്കാനാണ് പരിപാടി ലക്ഷ്യമിടുന്നത്. ഏപ്രിൽ 22 വരെ 'MY GOV' വെബ്സൈറ്റിൽ കവിതകളും പാട്ടുകളും അയക്കാവുന്നതാണ്.

✪✪✪

റംസാന് മുന്നോടിയായി രാജ്യത്തെ 32 ലക്ഷം നിരാലംബരായ മുസ്ലീങ്ങൾക്ക് പ്രത്യേകം കിറ്റുകൾ വിതരണം ചെയ്യുന്ന സൗഗദ് ഇ മോദി ക്യാമ്പയിനിന്, BJP ന്യൂനപക്ഷ മോർച്ച തുടക്കം കുറിച്ചു. പാവപ്പെട്ട മുസ്ലീം കുടുംബങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ പെരുന്നാൾ ആഘോഷിക്കാൻ കഴിയുമെന്നുറപ്പാക്കാനാണ് ക്യാമ്പയിനിലൂടെ ശ്രമിക്കുന്നതെന്ന് BJP ന്യൂനപക്ഷ മോർച്ച ദേശീയ അധ്യക്ഷൻ ജമാൽ സിദ്ദിഖി ആകാശവാണിയോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ആശാ വർക്കർമാരുടെ അനിശ്ചിതകാല നിരാഹാര സമരം ഏഴാം ദിവസത്തിലേക്ക് കടന്നു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ 45 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

✪✪✪

ദേശീയ ഗോത്ര സാഹിത്യോത്സവം നാളെ കോഴിക്കോട്ട് ആരംഭിക്കും. വൈകീട്ട് ചേവായൂർ കിർത്താഡ്സ് ക്യാംപസിൽ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും. ഗോത്ര ജനതയുടെ സാഹിത്യ സംഭാവനകളെ അടുത്തറിയുകയും, ഗോത്രജീവിതം മനസ്സിലാക്കുകയുമാണ് സാഹിത്യോത്സവത്തിന്റെ ലക്ഷ്യം.

ശനിയാഴ്ച സമാപനസമ്മേളനത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും, MK രാഘവൻ MP യും പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ഈ വർഷത്തെ SSLC പരീക്ഷ അവസാനിച്ചു. രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ വൈകുന്നേരം 4.15 ന് അവസാനിക്കും. രണ്ടാം വർഷ പരീക്ഷകൾ ഇന്ന് അവസാനിക്കുമെങ്കിലും അവരുടെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ ശനിയാഴ്ചയേ സമാപിക്കൂ.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.

............(വോയ്സ്)...............

✪✪✪

സംസ്ഥാന യുവജന കമ്മീഷന്റെ യൂത്ത് ഐക്കൺ - യുവ പ്രതിഭാ പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ ഉച്ചകഴിഞ്ഞ് മന്ത്രി KN ബാലഗോപാൽ വിതരണം ചെയ്യും. നിഖില വിമൽ, വിനിൽ പോൾ, സജന സജീവൻ, ശ്രീവിദ്യ, ദേവൻ ചന്ദ്രശേഖരൻ, റോഷിപാൽ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങും.

✪✪✪

നിലവിൽ ചാമ്പ്യന്മാരായ അർജന്റീന 2026 ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടി. യുറുഗ്വായ് - ബൊളീവിയ മത്സരം സമനിലയിൽ അവസാനിച്ചതോടെയാണ് അർജന്റീന ലോകകപ്പിന് യോഗ്യത നേടിയത്. ഇതോടെ ലാറ്റിനമേരിക്കയിൽ നിന്നും ലോകകപ്പ് യോഗ്യത നേടുന്ന ആദ്യ ടീമായി അർജന്റീന മാറി.

ബ്യൂണസ് ഐറിസിലെ മത്സരത്തിൽ ഇന്ന് പുലർച്ചെ ചിരവൈരികളായ ബ്രസീലിനെ ഒന്നിനെതിരെ നാലു ഗോളിന് അർജന്റീന തോൽപ്പിച്ചു. 14 കളികളിൽ നിന്ന് പത്ത് ജയവും ഒരു സമനിലയും ചേർന്ന് 31 പോയിന്റാണ് അർജന്റീന നേടിയത്. 14 കളികളിൽ നിന്ന് അഞ്ച് തോൽവി എറ്റുവാങ്ങിയ ബ്രസീൽ 21 പോയിന്റുമായി നാലാം സ്ഥാനത്താണ്. ലോകകപ്പ് യോഗ്യതാ റൗണ്ടിൽ അർജ്ജന്റീനയുടെ അടുത്ത കളി ജൂൺ നാലിന് ചിലിക്കെതിരെയാണ്. അന്ന് ബ്രസീൽ ഇക്വഡോറിനെയും നേരിടും.

✪✪✪

വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിന്റെ ഫൈനൽ മത്സരങ്ങൾക്ക് ഇത്തവണ ഇന്ത്യ വേദിയാകും. സെപ്തംബർ 29 മുതൽ ഒക്ടോബർ 26 വരെയാണ് മത്സരങ്ങൾ. തിരുവനന്തപുരവും വേദികളിലൊന്നാണ്. പഞ്ചാബ്, റായ്പൂർ, വിശാഖപട്ടണം, ഇൻഡോർ എന്നിവയാണ് മറ്റു വേദികൾ. എട്ട് ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകീട്ട് 7.30 ന് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് മത്സരങ്ങൾ ന്യൂഡൽഹിയിൽ നാളെ സമാപിക്കും. മെഡൽ പട്ടികയിൽ ഹരിയാനയാണ് മുന്നിൽ. തമിഴ്നാട് രണ്ടും

ഉത്തർപ്രദേശ് മൂന്നും സ്ഥാനങ്ങളിലാണ്. ഇന്ന് പവർ ലിഫ്റ്റിങ് മത്സരങ്ങളും, ടേബിൾ ടെന്നീസ് മത്സരങ്ങളും നടക്കും.

✪✪✪

ഇന്ന് വേൾഡ് പർപ്പിൾ ഡേ. അപസ്മാര രോഗത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനാണ് എല്ലാ വർഷവും മാർച്ച് 26 ലോകമെങ്ങും വേൾഡ് പർപ്പിൾ ഡേ ആചരിക്കുന്നത്. അപസ്മാരത്തെക്കുറിച്ച് ജനങ്ങൾക്കിടയിലെ തെറ്റിദ്ധാരണകൾ ഇല്ലാതാക്കുക, പുതിയ ചികിത്സാ രീതികളെ പരിചയപ്പെടുത്തുക, അപസ്മാര രോഗബാധിതർക്ക് പ്രചോദനവും പ്രോത്സാഹനവും ആത്മവിശ്വാസവും നൽകുക തുടങ്ങിയവയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

കോഴിക്കോട്ടെ ജില്ലാതല സപ്ലൈക്കോ റംസാൻ ഫെയർ വൈകിട്ട് ബേപ്പൂർ നടുവട്ടത്ത് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ MK രാഘവൻ MP മുഖ്യാതിഥി ആയി പങ്കെടുക്കും. മാർച്ച് 30 വരെയാണ് റംസാൻ ഫെയർ.

✪✪✪

വന്യജീവി സംരക്ഷണ നിയമത്തിൽ വ്യക്തതയും, ദേശീയ ദുരന്ത നിവാരണ നിയമത്തിൽ ഭേദഗതിയും ആവശ്യപ്പെട്ട് കേരള കോൺഗ്രസ് M നാളെ ന്യൂഡൽഹിയിൽ ധർണ നടത്തും. വന്യജീവി ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്ന വ്യവസ്ഥ നിയമത്തിലുണ്ടെങ്കിലും ചില ചട്ടങ്ങൾ ഭരണകൂടം തെറ്റായി വ്യാഖ്യാനിക്കുന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും പാർട്ടി നേതാവ്, ജോസ് K മാണി ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

---

*News Reader: സബിത ആനന്ദ്*
*News Team: അനിൽചന്ദ്രൻ, സുരേഷ് വി കെ, ശരണ്യ രാജൻ,*
*DEO: ഷീബ*